അവർ അതിന് ആവശ്യമായ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ജില്ലാധികാരികളുടെ പരിധിയിൽ ഉൾപ്പെട്ട അവർക്ക് ചെയ്യാവുന്ന നടപടികളെല്ലാം അടിയന്തിരമായി സ്വീകരിക്കും. അവരുടെ പരിധിക്കപ്പുറമുള്ള കാര്യങ്ങളെക്കുറിച്ച് വിശദമായ വിവരം ഗവൺമെൻറിന് കിട്ടിയിട്ടുണ്ട്. ഗവൺമെൻറിന് ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ചെയ്യുന്നതാണ്. പ്രായപൂർത്തിയായ ഒരാൾ മരിക്കുകയാണെങ്കിൽ രണ്ടായിരം ഉറുപ്പികയും കുട്ടിയാണ് മരിക്കുന്നതെങ്കിൽ ആയിരം ഉറുപ്പികയും വീട് പൂർണ്ണമായി നശിക്കുകയാണെങ്കിൽ 750 ഉറുപ്പികയും കൃഷിനാശമോ, വിളനാശമോ സംഭവിച്ചാൽ ഓരോന്നിനും പ്രത്യേക റേറ്റും നിശ്ചയിച്ചിട്ടുണ്ട്. ബഹുമാന്യപ്പെട്ട അംഗം പറഞ്ഞതിന്റെ അടിസ്ഥാനത്തിലും അവിടെ നടന്ന കാര്യങ്ങളുടെ അടിസ്ഥാനത്തിലും ഇതുകൊണ്ട് മാത്രം മതിയാകാത്ത നാശനഷ്ടങ്ങളും ഉണ്ടായിട്ടുണ്ട്. ഗവൺമെൻറിനെ കൊണ്ട് ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ചെയ്യുന്നതാണെന്ന് പറയാൻ ആഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

II. സബ്മിഷൻ

പെരിന്തൽമണ്ണ താലൂക്കിലെ ഒരു ജനാർദ്ദനന്റെ കൊലപാതകം സംബന്ധിച്ച് ശ്രീ. എം. പി. ഗംഗാധരന്റെ സബ്മിഷൻ

ശ്രീ. എം. പി. ഗംഗാധരൻ: സർ, അതിദാരുണവും നിഷ്ഠൂരവും പൈശാചികവുമായ ഒരു സംഭവം ഇക്കഴിഞ്ഞ 18-ാം തീയതി പെരിന്തൽമണ്ണ താലൂക്കിൽ നടന്നത് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ശ്രമിക്കുകയാണ്. മുപ്പത്തിനാല് വയസ്സുകാരനായ ഒരു കോൺഗ്രസ് പ്രവർത്തകനായിരുന്നു ശ്രീ. ജനാർദ്ദനൻ. അദ്ദേഹം ഒരു എക്സ് മിലിട്ടറിയാണ്. അദ്ദേഹം നാട്ടിൽ വന്നതിനുശേഷം കോൺഗ്രസ് പ്രവർത്തനം തുടങ്ങി. അതിന്റെ പേരിൽ മറ്റു പാർട്ടിക്കാർക്ക് വൈരാഗ്യം ഉണ്ടായി. അതിനെത്തുടർന്ന് 18-8-1981 ചൊവ്വാഴ്ച വൈകുന്നേരം പെരിന്തൽമണ്ണ ബസ്സ്റ്റാൻഡിൽനിന്ന് മടങ്ങുകയായിരുന്ന അദ്ദേഹം കാറൽമണ്ണവഴി ആലിപ്പറമ്പ്-പൂവത്താനി റോഡിൽക്കൂടെ തൂതപ്പുഴയിൽ താളിക്കടവ് കടന്ന് അദ്ദേഹത്തിന്റെ വീടിന്റെ സമീപം എത്തി. മാർക്സിസ്റ്റുകാർ എന്നു പറയുന്ന ഗുണ്ടകൾ അദ്ദേഹത്തെ പിൻതുടരുകയും അടിക്കുകയും അദ്ദേഹം അടിയിൽനിന്നും രക്ഷപ്പെടാൻവേണ്ടി വയലിൽക്കൂടി വീടിന്റെ ഭാഗത്തേക്ക് നടന്നു. അവിടെ എത്തുമ്പോഴേക്കും വീടിനുചുറ്റും ആ പടിയിലും മറ്റൊരുകൂട്ടം കാത്തുനിൽക്കുകയായിരുന്നു. അവർ നേരിട്ട് അദ്ദേഹത്തെ കല്ലെറിഞ്ഞും അടിച്ചും കൊണ്ടിരുന്നു. സഹിക്കവയ്യാതെ അദ്ദേഹം ആത്മരക്ഷാർത്ഥം പുഴയുടെ ഭാഗത്തേക്ക് ഓടി. അദ്ദേഹത്തെ പിൻതുടർന്ന് അടിക്കുകയും മാരകമായി മുറിവേൽപ്പിക്കുകയും ചെയ്തതിനുശേഷം പുഴയിലേക്ക് എറിഞ്ഞു. കൂലംകുത്തിയൊഴുകുന്ന പുഴയിൽ ധാരാളം വെള്ളം ഉണ്ടായിരുന്നു. കരകവിഞ്ഞൊഴുകുന്ന തൂതപ്പുഴയിൽ പൊങ്ങിയും താണും രക്ഷപ്പെടാൻവേണ്ടി ഒരു കിലോമീറ്റർ വരെ ആ യുവാവ് വെള്ളത്തിലൂടെ ഒഴുകി. പിൻതുടർന്ന് വീണ്ടും കല്ലെറിഞ്ഞ് കല്ലെറിഞ്ഞ് യാതൊരു ആശ്രയവും ഇല്ലാതെ വെള്ളത്തിൽ താണുപോവുകയാണുണ്ടായത്.

ഈ കാഴ്ചകളെല്ലാം കണ്ട അദ്ദേഹത്തിന്റെ മാതാവ് ലക്ഷ്മി ബോധം കെട്ട് വീണു സർ. അദ്ദേഹത്തിന്റെ ഭാര്യ ശാന്തയും രണ്ട് വയസ് പ്രായമുള്ള കുട്ടിയും പൊട്ടിക്കരഞ്ഞ് ബോധംകെട്ടു. അടുത്തുള്ള ആളുകൾ ആ മാർക്സിസ്റ്റുകാരുടെ ഭയങ്കരമായ ക്രൂരകൃത്യങ്ങൾ കണ്ടിട്ട് വേദനിച്ചു. അവർ ധൈര്യപ്പെട്ട് റിപ്പോർട്ട് ചെയ്യാൻ മുന്നോട്ട് വന്നില്ല. 19-ാം തീയതി മനോരമയിൽ ഒരു റിപ്പോർട്ട് വന്നു. ആ റിപ്പോർട്ട് വന്നതിനുശേഷമാണ് പോലീസ് സംഭവസ്ഥലത്തുവന്ന് അവരുമായി സംസാരിച്ച് കാര്യം മനസ്സിലാക്കിയത്. മരിച്ചുപോയ ജനാർദ്ദനന്റെ ഭാര്യയുടെ സ്റ്റേറ്റുമെന്റ് റിക്കാർഡ് ചെയ്തു അന്വേഷണം തുടങ്ങി. അതിനുശേഷം 21-ാം തീയതി രാവിലെ ഈ ജഡം പുലാമന്തോളിൽവച്ച് നാട്ടുകാർ കണ്ടു. പക്ഷേ അവർക്ക് പിടിച്ചുനിറുത്താൻ കഴിഞ്ഞില്ല. ഉടനെ അവർ പോലീസിനെ വിവരം അറിയിച്ചു. പോലീസും നാട്ടുകാരുമെല്ലാംകൂടി ശ്രമിച്ച് ശവം കുറ്റിപ്പുറത്ത് തടഞ്ഞുവച്ചു. അദ്ദേഹത്തിന്റെ ഭാര്യയും അമ്മയും പോയി ജഡം തിരിച്ചറിഞ്ഞു. ഇൻക്വസ്റ്റ് നടത്തി അവിടെത്തന്നെ ശവം മറവുചെയ്തു. സർ, മാർക്സിസ്റ്റ് പാർട്ടിയുടെ ലോക്കൽ നേതാക്കളും അവരുടെ അനുയായികളും രാഷ്ട്രീയ വൈരാഗ്യം വച്ചുകൊണ്ട് കൽപ്പിച്ചുകൂട്ടി ജനാർദ്ദനനെ കൊലപ്പെടുത്തുകയാണ് ചെയ്തത്. മാർക്സിസ്റ്റ് പാർട്ടിയിലെ ഉന്നതൻമാരായ നേതാക്കളാണ് ഈ കേസിലെ പ്രതികൾ. അതുകൊണ്ടാണ് നടപടിയെടുക്കാത്തതെന്നാണ്.....

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ബഹുമാനപ്പെട്ട ഗംഗാധരൻ സംഭവത്തിലേക്ക് പോകുന്നതിനുപകരം മറ്റു കാര്യങ്ങളിലേക്ക് കടക്കുകയാണ്. അത് ശരിയല്ല.

ശ്രീ. എം. പി. ഗംഗാധരൻ: സർ, പെരിന്തൽമണ്ണ താലൂക്കിൽത്തന്നെ ഇത് രണ്ടാമത്തെ സംഭവമാണ്. ആഭ്യന്തര വകുപ്പുമന്ത്രിയും പോലീസും വേണ്ടപോലെ സഹായത്തിനെത്തുന്നില്ല. ഈ കൊലപാതകത്തിനുശേഷം ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. നാലുപേരെ അറസ്റ്റ് ചെയ്തു എന്ന് പത്രത്തിൽ കണ്ടു. പക്ഷേ അവരാരുംതന്നെ പ്രധാന പ്രതികളല്ല. ജനാർദ്ദനനെ എറിഞ്ഞും അടിച്ചും കൊന്ന പ്രധാനപ്പെട്ട നേതാക്കളെല്ലാം ഒളിവിലാണ്. അവരെയാരെയും അറസ്റ്റ് ചെയ്തിട്ടില്ല. പോലീസ് അന്വേഷണത്തിനായി നീങ്ങുമ്പോൾ സഖാക്കളും നേതാക്കളും പോലീസിന് വിലങ്ങായി നിന്നുകൊണ്ട് അവരെ നിഷ്ക്രിയരാക്കാൻ ശ്രമിക്കുകയാണ്. മേലേതട്ടിൽനിന്നും വല്ല നിർദ്ദേശവും ഉണ്ടോ എന്നുവരെ ജനങ്ങൾ സംശയിക്കുന്നു. അതിദാരുണവും പൈശാചികവും നിഷ്ഠുരവുമായ ഈ സംഭവത്തിൻമേൽ ഒരു അടിയന്തിര പ്രമേയത്തിന് നോട്ടീസ് കൊടുക്കാൻതന്നെ കാരണം അതാണ്. സർ, ഒരു കാര്യംകൂടി പറയട്ടെ. അങ്ങ് ഒരു കമ്മ്യൂണിസ്റ്റുകാരനാണ്. അങ്ങ് സ്പീക്കറാണ്. നിയമസഭാ സാമാജികൻമാരുടെ അധികാരങ്ങൾ സംരക്ഷിക്കാൻ.....

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ദയവായി ഇരിക്കണം.

(പ്രതിപക്ഷത്തുള്ള ഒന്നിലധികം മെമ്പർമാർ ഒരുമിച്ചു സംസാരിച്ചുകൊണ്ടിരുന്നു)

.....ബഹുമാനപ്പെട്ട സുപ്പി ദയവായി ഇരിക്കണം. ബഹുമാനപ്പെട്ട ഗംഗാധരനും സുപ്പിയും ഇതൊരു സബ്മിഷൻ രൂപത്തിൽ ഉന്നയിക്കുന്നതിനെപ്പറ്റി പറഞ്ഞപ്പോൾ ഏതെങ്കിലുമൊരു അംഗത്തിന് അനുമതി

LIBRARY ARCHIVES Kerala Legislative Assembly

നൽകാമെന്നു പറഞ്ഞിരുന്നു, രണ്ടു ബഹുമാനപ്പെട്ട അംഗങ്ങളുംകൂടി ചേമ്പറിൽവന്ന് എന്നെ കാണുകയും ബഹുമാനപ്പെട്ട ഗംഗാധരനാണ് സബ്മിഷൻ ഉന്നയിക്കുന്നതെന്നറിയിക്കുകയും ചെയ്തു. അതിനുശേഷം ഈ സഭയിൽവന്ന് രണ്ടുപേർക്കും സബ്മിഷൻ ഉന്നയിക്കാൻ അവസരം വേണമെന്നു പറയുന്നത് ശരിയല്ല. അതിന് ചില നടപടിക്രമങ്ങളൊക്കെയുണ്ട്. അതിനൊക്കെ വിരുദ്ധമായി പ്രവർത്തിക്കുന്നത് ശരിയല്ല. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്നവേളയിൽ ബഹുമാനപ്പെട്ട സൂപ്പിക്ക് എന്തെങ്കിലും ചോദിക്കാനുണ്ടെങ്കിൽ ആകാവുന്നതേയുള്ളു.

ശ്രീ. കെ. കരുണാകരൻ: ആ നിയോജകമണ്ഡലത്തിലെ മെമ്പർക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ അനുവാദം കൊടുക്കേണ്ടതാണ്. അതാണ് കീഴ്വഴക്കം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട കരുണാകരൻ ഒരു കാര്യം മനസ്സിലാക്കണം. ആ നിയോജകമണ്ഡലത്തിലെ സാമാജികനു് അവസരം കൊടുക്കാമെന്നു പറഞ്ഞപ്പോഴാണ് ഗംഗാധരനാണ് ഉന്നയിക്കുന്നതെന്നറിയിച്ചത്. അദ്ദേഹത്തിന്റെകൂടെ സാന്നിദ്ധ്യത്തിലാണ് അത് പറഞ്ഞത്. ഇനിയും കൂടുതലവസരം കൊടുക്കാൻ നിവൃത്തിയില്ല.

ശ്രീ. കെ. അവുക്കാദർകുട്ടിനഹ: നിയോജകമണ്ഡലത്തിലെ എം.എൽ.എ.യുംകൂടി പറഞ്ഞിട്ട് മന്ത്രി മറുപടി പറഞ്ഞാൽ മതി.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട ഗംഗാധരൻ സൂചിപ്പിച്ചതുപോലെ വളരെ നിർഭാഗ്യകരമായ ഒരു സംഭവമാണ് നടന്നത്. അച്ചേരിത്തുടി ജനാർദ്ദനൻ എന്നയാളെ 20-8-1981-ൽ കാണാതായി എന്നുള്ള ഒരു പരാതിയാണ് അദ്ദേഹത്തിന്റെ ഭാര്യയുടെ വകയായി പോലീസ് സ്റ്റേഷനിൽ കിട്ടിയത്. അതിന്റെ അടിസ്ഥാനത്തിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു. പിന്നീടാണ് വിവരങ്ങളറിഞ്ഞത്. 18-8-1981-ൽ ശ്രീ. ജനാർദ്ദനനെ വീട്ടിലേക്ക് പോകുന്ന വഴി തൂതപ്പുഴയുടെ വക്കത്തുവച്ച് ചില ആക്രമികൾ കല്ലെറിഞ്ഞും വടികൊണ്ടടിച്ചും ആക്രമിക്കുകയും അതെത്തുടർന്ന് അദ്ദേഹം പുഴയിൽ ചാടുകയും ചെയ്തു എന്നും അല്ല പുഴയിൽ വീഴ്ത്തുകയാണുണ്ടായതെന്നുമൊക്കെ രണ്ടു തരത്തിൽ അഭിപ്രായമുണ്ട്. എന്തായാലും അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. മൃതദേഹം 20-ാം തീയതി കുറ്റിപ്പുറത്തുവച്ച് കാണുകയും ബഹുമാനപ്പെട്ട ഗംഗാധരൻ സൂചിപ്പിച്ചതുപോലെ ഭാര്യയും മറ്റും ചെന്ന് തിരിച്ചറിയുകയും ചെയ്തു. അതേത്തുടർന്ന് കാണാനില്ലെന്ന കേസ് കൊലപാതക കേസാക്കി മാറ്റി, കൊലപാതകത്തിന് ഉത്തരവാദികളായ ആളുകളെ കണ്ടുപിടിക്കുന്നതിനുള്ള ഊർജ്ജിതമായ ശ്രമം നടത്തി. കൊന്നത്ത് കൃഷ്ണൻ, തൂവക്കാലൻ കുഞ്ഞാലൻ, കടവത്ത് ചാത്തു തുടങ്ങിയ ആളുകളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ ആക്രമി സംഘത്തിൽപ്പെട്ട കൂടുതലാളുകളെ അറസ്റ്റ് ചെയ്യുവാനും കൊലപാതക കേസിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതിനും ആവശ്യമായത് ചെയ്തിട്ടുണ്ട്. അക്കാര്യത്തിൽ യാതൊരു വീഴ്ചയും ഉണ്ടാകുകയില്ല. മാർക്സിസ്റ്റുകാരാണോ മറ്റ് ആളുകളാണോ എന്നുള്ളതൊന്നും നോക്കാതെതന്നെ ഉത്തരവാദികളായ ആളുകളുടെ പേരിൽ നടപടിയെടുക്കുകതന്നെ ചെയ്യും. ഐ-കോൺഗ്രസ്സോ മാർക്സിസ്റ്റ് എന്നോ ഒക്കെ ബഹുമാനപ്പെട്ട ഗംഗാധരൻ പറഞ്ഞു. ഇന്നത്തെ മലയാള മനോരമ പത്രം എന്റെ

LIBRARY ARCHIVES Kerala Legislative Assembly

മുമ്പിലുണ്ട്. ഈ കൊലപാതകത്തിനുത്തരവാദികളായ ആളുകളുടെ പേരിൽ ശക്തമായ നടപടിയെടുക്കണമെന്ന് അവിടത്തെ മാർക്സിസ്റ്റു പാർട്ടി ജില്ലാ കമ്മിറ്റിയുടെ സ്റ്റേറ്റ്മെന്റ് തന്നെ ഉണ്ട്. അതുകൊണ്ട്, ഇത് ഒരു മാർക്സിസ്റ്റ് കോൺഗ്രസ് തർക്കമാക്കാതെ ഒരു കൊലപാതകമെന്നുള്ള നിലയിൽ ആവശ്യമായ നടപടിയെടുത്ത് കുറ്റക്കാരായ ആളുകളെയെല്ലാം തന്നെ നടപടിക്ക് വിധേയരാക്കുമെന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു.

ശ്രീ. എൻ. സൂപ്പി: സർ, വളരെ നിർഭാഗ്യകരമായ ഈ കൊലപാതകത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ വ്യക്തമല്ല. ഈ ജനാർദ്ദനന്റെ അമ്മയും അനുജനും മാസങ്ങൾക്കു മുമ്പുതന്നെ ജനാർദ്ദനന്റെ ജീവൻ അപകടത്തിലാണെന്ന് പറഞ്ഞ് മലപ്പുറം ജില്ലാ കളക്ടർക്കും ഡി. എസ്. പി. ക്കും പരാതി നൽകിയിരുന്നു. അദ്ദേഹത്തിന് ഫുൾ പ്രൊട്ടക്ഷൻ വേണമെന്നും ആവശ്യപ്പെട്ടിരുന്നു. അത് കൊടുത്തില്ല. മാർക്സിസ്റ്റുപാർട്ടി കൽപ്പിച്ചുകൂട്ടി ഇദ്ദേഹത്തെ കൊല്ലാൻ തീരുമാനിച്ചതായി പരസ്യപ്രഖ്യാപനം നടത്തിയിരുന്നു. അങ്ങനെയാണ് 18-ാം തീയതി അദ്ദേഹത്തെ കൊന്നത്. പോസ്റ്റ്മോർട്ടത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി യാതൊന്നും സൂചിപ്പിച്ചുകണ്ടില്ല. 21-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്ക് ഒരു മണിക്ക് ഡെഡ്ബോഡി കുറ്റിപ്പുറത്തുവച്ച് കണ്ടു എന്ന് പോലീസ് ഡി. വൈ. എസ്. പി. തന്നെ പറഞ്ഞതാണ്. എന്നാൽ ആറുമണിക്കാണ് ജനാർദ്ദനന്റെ വീട്ടിലേക്ക് ഭാര്യയേയും അമ്മയേയും വിളിക്കാൻ ആളു വന്നത്. ഭാര്യ കുറ്റിപ്പുറത്തെത്തുമ്പോഴും പോസ്റ്റ്മാർട്ടം നടന്നുകഴിഞ്ഞിരുന്നു. ആ സ്ഥലത്തുതന്നെ പോസ്റ്റ്മാർട്ടത്തിനു ശേഷം ഡെഡ്ബോഡി മറവു ചെയ്യുകയും ചെയ്തു. 72 വയസ്സായ അദ്ദേഹത്തിന്റെ വൃദ്ധമാതാവിനുപോലും ആ മൃതദേഹം ഒന്നു കാണാൻ സാധിച്ചില്ല. ഭാര്യ അവിടെയെത്തിയ ഉടനെ നിങ്ങൾക്കെന്തെ പറയാനുണ്ട് എന്നു ചോദിച്ചുകൊണ്ട് നേരത്തെ തയ്യാറാക്കിയിരുന്ന ഒരു കടലാസിൽ ഒപ്പിടുവിച്ചുവാങ്ങിക്കുകയാണ് ചെയ്തത്. ജനാർദ്ദനൻ ഒരു കോൺഗ്രസ്-ഐ ക്കാരനാണ്, ഒരു മാർക്സിസ്റ്റുകാരനല്ല എന്നതാണ് അയാളുടെ തെറ്റ്. നേരത്തെ വഴി തർക്കത്തിന്റെ പേരിൽ പരാതി കൊടുത്തിരുന്നു. മാർക്സിസ്റ്റ് പാർട്ടിയിലെ പ്രവർത്തകരെ പ്രതികളാക്കിക്കൊണ്ട് രണ്ടുകേസും പെരിന്തൽമണ്ണ പോലീസ്സ്റ്റേഷനിൽ നിലവിലുണ്ട്. ആ കേസിന്റെ പേരിൽ യാതൊരു നടപടിയും എടുത്തിട്ടില്ല. ആ കേസിലുള്ള പ്രതികളായ ആൾക്കാർതന്നെയാണ് സംഘംചേർന്ന് ജനാർദ്ദനനെ കൊലപ്പെടുത്തിയത്. സർ, ഇത്രയും ഭാരിച്ചതായ കൊലപാതകം നടന്നിട്ടും 22-ാം തീയതി 4 മണി വരെയും ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻമാരാരും അവിടെ എത്തിയിട്ടില്ല.

ശ്രീ. കെ. കരുണാകരൻ: സർ. മന്ത്രി പറഞ്ഞതിനേക്കാൾ ഞെട്ടിപ്പിക്കുന്ന സംഭവമാണ്.

ശ്രീ. എൻ. സൂപ്പി: ബഹുമാനപ്പെട്ട ഗംഗാധരൻ സൂചിപ്പിച്ച മറ്റു കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ഈ സംഭവത്തിൽ മാർക്സിസ്റ്റ് പാർട്ടിക്കു ആദ്യംമുതൽതന്നെ ആനുകൂല്യമുണ്ടെന്നതിന് തെളിവാണ് മനോരമയും ദേശാഭിമാനിയും പ്രസിദ്ധീകരിച്ച റിപ്പോർട്ടുകൾ. പുഴയിൽ എടുത്തുചാടി എന്നാണ് ദേശാഭിമാനിയിൽ. രണ്ടും ഒരേ ദിവസം പ്രസിദ്ധീകരിച്ചതാണ്. എനിക്ക് നേരിട്ടറിയാവുന്ന കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ദയവായി ഇരിക്കണം.

ശ്രീ ടി. കെ. രാമകൃഷ്ണൻ: സർ, ഈ സംഭവത്തെ സംബന്ധിച്ച് ഞാൻ മറുപടി പറഞ്ഞു കഴിഞ്ഞു.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: മറുപടി പറഞ്ഞില്ല.

ശ്രീ. കെ. കരുണാകരൻ: സ്വന്തം രക്ഷയ്ക്കുവേണ്ടി പോലീസിനെ സമീപിച്ചു., കളക്ടറെ സമീപിച്ചു എന്നിട്ടു സംരക്ഷണം കൊടുത്തില്ല. മനഃപൂർവം സംരക്ഷണം കൊടുക്കാതെ കൊന്നു എന്നുള്ളതാണ് ഗൗരവതര മായ കാര്യം. ആ കാര്യം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇത് ശ്രീ. കരുണാകരൻ പറഞ്ഞാൽ പോര. ഇതിനുമുമ്പ് ഈയാളുടെ പരാതിയിൻമേൽ രണ്ട് കേസുകൾ എടുത്തിട്ടുണ്ട്. നടപടിയും ഉണ്ടായിട്ടുണ്ട്. പിന്നെ, സംരക്ഷണം കൊടു ത്തില്ല എന്നൊക്കെ പറഞ്ഞാൽ?

ശ്രീ. കെ. കരുണാകരൻ: സംരക്ഷണം കൊടുത്താൽ ഇതുപോലെ തല്ലിക്കൊല്ലുമോ? നിർഭാഗ്യകരമായ സംഭവമാണ് സർ.

ശ്രീ. എം. പി. ഗംഗാധരൻ: ജനാർദ്ദനനെ കൊല്ലുമെന്ന് പരസ്യ പ്രസ്താവന മാർക്സിസ്റ്റ് പാർട്ടി നടത്തി. അത് കഴിഞ്ഞ് മൂന്നാം ദിവസമാണ് കൊന്നത്.

ശ്രീ. എൻ. സൂപ്പി: നേരിട്ട് കണ്ടവർ പുറത്ത് പറയാൻ മടിക്കുന്നു.

III. റിപ്പോർട്ട് സമർപ്പണം

പബ്ലിക് അണ്ടർ ടേക്കിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട്

ശ്രീ. സി. എ. കുര്യൻ: സർ, പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റി യുടെ ഇരുപത്തിനാലും, ഇരുപത്തഞ്ചും, ഇരുപത്താറും, ഇരുപത്തേഴും ഇരുപത്തെട്ടും, ഇരുപത്തൊമ്പതും റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

IV. നിയമനിർമ്മാണകാര്യം

(1) 1981-ലെ കേരള പ്ലാന്റേഷൻ നികുതി (ഭേദഗതി) ബിൽ

റവന്യൂവും മൽസ്യബന്ധനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാര മുള്ള 1981-ലെ കേരള പ്ലാന്റേഷൻ നികുതി (ഭേദഗതി) ബിൽ സമർപ്പി ക്കുന്നു. പ്രസ്തുത ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും വനവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly